ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.02.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). അമേരിക്കൻ സന്ദർശനത്തിനായി വാഷിങ്ടണിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയ്ക്ക് ഊഷ്മള സ്വീകരണം. ഡൊണാൾഡ് ട്രംപുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തും.

**Prime Minister Narendra Modi receives a warm welcome in Washington as part of his US visit. PM to hold bilateral talks with Donald Trump.**

2). പ്രതിരോധം, സാങ്കേതിക വിദ്യ, വ്യാപാരം എന്നീ മേഖലകളിൽ തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്താൻ ഇന്ത്യ-ഫ്രാൻസ് ധാരണ.

**India and France agreed to strengthen strategic partnership in defence, technology and trade.**

3). പുതിയ ആദായനികുതി ബിൽ ഇന്ന് ലോക് സഭയിൽ അവതരിപ്പിക്കും. രാജ്യത്തെ വിലക്കയറ്റത്തോത് 5 മാസത്തെ കുറഞ്ഞ നിരക്കിൽ.

**New Income Tax Bill to be introduced in Lok Sabha today.**

4). റേഡിയോയും കാലാവസ്ഥാ വ്യതിയാനവും എന്ന പ്രമേയത്തിലൂന്നി ഇന്ന് ലോക റേഡിയോ ദിനം ആചരിക്കുന്നു.

**World Radio Day to be observed today with the theme of Radio and Climate Change.**

5). വന്യജീവി ആക്രമണം നേരിടുന്നതിനായി വയനാട് ജില്ലയ്ക്ക് 50 ലക്ഷം രൂപ അനുവദിച്ചതായി വനം മന്ത്രി എ കെ ശശീന്ദ്രൻ. വന്യജീവി ആക്രമണങ്ങളിൽ പ്രതിഷേധിച്ച് വയനാട്ടിൽ ഇന്ന് യു ഡി എഫ് ഹർത്താൽ.

Forest Minister A K Saseendran announced Rs 50 lakh for Wayanad district to combat wildlife attacks. UDF hartal in Wayanad today to protest wildlife attacks.

6). ഇംഗ്ലണ്ടിനെതിരായ ഏകദിനപരമ്പര 3-0 ന് സ്വന്തമാക്കി ഇന്ത്യ. രഞ്ജി ട്രോഫിയിൽ കേരളം സെമിയിൽ.

India wins the ODI series against England 3-0. Kerala in Ranji Trophy semi-finals.

==========================================

**MISHRI -(INTRO)**

ദ്വിരാഷ്ട്ര സന്ദർശനത്തിൻറെ രണ്ടാം പാദത്തിൽ ഫ്രാൻസ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കയിലെത്തി. വാഷിങ്ടണിലെത്തിയ പ്രധാനമന്ത്രിയ്ക്ക് ഊഷ്മള വരവേൽപ്പാണ് ലഭിച്ചത്. അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ ക്ഷണ പ്രകാരമാണ് സന്ദർശനം. ഡോണൾഡ് ട്രംപ് രണ്ടാം തവണ പ്രസിഡൻറായശേഷമുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആദ്യ സന്ദർശനമാണ് ഇതെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി അറിയിച്ചു.

**(HOLD VOICE.........)**

അമേരിക്കൻ പ്രസിഡൻറ് , അമേരിക്കയിലെ ഉന്നത നേതാക്കൾ, വ്യവസായികൾ, എന്നിവരുമായി ശ്രീ മോദി ഉഭയകക്ഷി ചർച്ച നടത്തും. അമേരിക്കയിലെ ഇന്ത്യൻ സമൂഹവുമായി അദ്ദേഹം സംവദിക്കും. വ്യാപാരം, നിക്ഷേപം, സാങ്കേതിക വിദ്യ, പ്രതിരോധ സഹകരണം, ഭീകരവാദ വിരുദ്ധ പ്രവർത്തനങ്ങൾ, ഇന്തോ-പസഫിക് മേഖലയുടെ സുരക്ഷ, പരസ്പര സഹകരണം തുടങ്ങിയവ ചർച്ചയാകും.

==========================================

## INDIA FRANCE

പ്രതിരോധം, സാങ്കേതിക വിദ്യ, വ്യാപാരം എന്നീ മേഖലകളിൽ തന്ത്രപരമായ ഇന്ത്യ -ഫ്രാൻസ് പങ്കാളിത്തം ശക്തിപ്പെടുത്താൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഇമ്മാനുവേൽ മാക്രോണും തമ്മിൽ നടത്തിയ ചർച്ചയിൽ ധാരണ. മാർസെയിലെ പുതിയ ഇന്ത്യൻ കോൺസുലേറ്റ് ശ്രീ നരേന്ദ്ര മോദിയും ഇമ്മാനുവേൽ മാക്രോണും ചേർന്ന് ഉദ്ഘാടനം ചെയ്തു. മാർസെയിലെ കോൺസുലേറ്റ് ഉദ്ഘാടനത്തിനെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മക്രോണിനും ഇന്ത്യൻ വംശജർ വൻ സ്വീകരണമാണ് നല്കിയത്.

==========================================

## THE INCOME TAX BILL

പുതിയ ആദായനികുതി ബിൽ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും. ആദായനികുതിയുമായി ബന്ധപ്പെട്ട നിയമം ഏകീകരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും ലക്ഷ്യമിട്ടുള്ള ബിൽ സഭയുടെ ഇന്നത്തെ കാര്യപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ ആദായനികുതി ബിൽ കൊണ്ടുവരുമെന്ന് ബജറ്റ് പ്രസംഗത്തിലാണ് ധനമന്ത്രി നിർമ്മല സീതാരാമൻ പ്രഖ്യാപിച്ചത്. പ്രതിവർഷം 12 ലക്ഷം രൂപ വരെ വരുമാനമുള്ള വ്യക്തികൾ ആദായനികുതി അടയ്ക്കേണ്ടതില്ലെന്നും ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പാർലമെൻറിൻറെ ബജറ്റ് സമ്മേളനത്തിൻറെ ആദ്യ ഘട്ടത്തിൻറെ അവസാന ദിനാമായ ഇന്ന് വഖഫ് ഭേദഗതി ബിൽ സംബന്ധിച്ച സംയുക്ത പാർലമെൻററി സമിതിയുടെ റിപ്പോർട്ടും ലോക്സഭയിൽ അവതരിപ്പിക്കും.

==========================================

**PM MODI CONDOLES**

അയോധ്യ, രാമക്ഷേത്രത്തിലെ മുഖ്യ പൂജാരിയായിരുന്ന മഹന്ത് സത്യേന്ദ്ര ദാസിൻറെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി. ആത്മീയവും സാമൂഹികവുമായ രാഷ്ട്ര ജീവിതത്തിന് മഹന്ത് ജി വിലമതിക്കാനാവാത്ത സംഭാവനകളാണ് നൽകിയതെന്ന് പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. അദ്ദേഹം സ്വജീവിതം ഭഗവാൻ ശ്രീരാമൻറെ സേവനത്തിനായി സമർപ്പിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

==============================================

**COOPERATION AMIT SHAH**

രാജ്യത്തുടനീളമുള്ള സഹകരണ സ്ഥാപനങ്ങളുടെ ഏകീകൃതവും സന്തുലിതവുമായ വികസനം ഉറപ്പാക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നതായി സഹകരണ മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ സഹകരണ മന്ത്രാലയത്തിന്റെ പാർലമെന്ററി കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ ആദ്യ യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ സഹകരണ സ്ഥാപനങ്ങളുടെ വികസനത്തിലെ പ്രാദേശിക അസമത്വം പരിഹരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ദേശീയ സഹകരണ ഡാറ്റാബേസ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തിയായെന്നും അദ്ദേഹം വ്യക്തമാക്കി.

==============================================

**GIRIRAJ – BHARAT TEX LAUNCH**

രാജ്യത്തെ ടെക്സ്റ്റൈൽ വ്യവസായത്തിൻറെ മൂല്യം 350 ബില്യൺ ഡോളറായി ഉയർത്തുകയാണ് കേന്ദ്രസർക്കാരിൻറെ ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി ഗിരിരാജ് സിംഗ്. ഗ്രേറ്റർ നോയിഡയിൽ ആരംഭിച്ച രാജ്യത്തെ ഏറ്റവും വലിയ ആഗോള ടെക്സ്റ്റൈൽ ഇവൻറായ **ഭാരത് ടെക്സ് 2025** ഉദ്ഘാടനം

ചെയ്യുകയായിരുന്നു അദ്ദേഹം. പരിപാടിയുടെ രണ്ടാം ഘട്ടം നാളെ മുതൽ 17 വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കും.

==================================================

**ബ്രേക്ക്.........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==================================================

**VAISHNAW-RAILWAY MAHAKUMBH**

പ്രയാഗ് രാജിൽ നടക്കുന്ന മഹാകുംഭ മേളയിൽ പ്രധാന ചടങ്ങായ മാഘ പൂർണിമ സ്നാനം ഇന്നലെ നടന്നു.

ഒരു കോടി 30 ലക്ഷത്തിലധികം പേരാണ് പുണ്യ സ്നാനംനടത്തിയത്. ഇത്തവണ കുംഭമേളയിൽ ഇതുവരെ 47 കോടി തീർത്ഥാടകരാണ് പുണ്യസ്നാനം നടത്തിയത്. റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവ്, സിഇഒയും റെയിൽവേ ബോർഡ് ചെയർമാനുമായ സതീഷ് കുമാർ എന്നിവർ ന്യൂഡൽഹിയിലെ റെയിൽ ഭവനിലെ വാർ റൂമിൽ പ്രയാഗ്‌രാജ് റെയിൽവേ സ്റ്റേഷനുകളിലെ തിരക്ക് നിയന്ത്രണം അവലോകനം ചെയ്തു. അധിക ട്രെയിനുകൾ ഓടിക്കാൻ പ്രയാഗ്‌രാജ് ഡിവിഷനോട് നിർദ്ദേശിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

==================================================

**SOORYA GHAR MUFTHUBIJILI - (INTRO)**

രാജ്യം ഇന്ന് പ്രധാനമന്ത്രി സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജനയുടെ ഒന്നാം വാർഷികം ആഘോഷിക്കുന്നു. പുരപ്പുര സൗരോർജ്ജ ഉത്പാദനത്തിലൂടെ വീടുകളിൽ സൗജന്യ വൈദ്യുതി ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഈ വർഷം ജനുവരി 27 വരെ എട്ട് ലക്ഷത്തി 40,000 കുടുംബങ്ങൾക്ക് പദ്ധതി പ്രയോജനപ്പെട്ടു. ഗുണഭോക്താക്കളിൽ 45 ശതമാനം പേർക്കും വൈദ്യുതി ബിൽ പൂജ്യമായി.

**വിശദാംശങ്ങളിലേക്ക്...........**

(VOICE………)

2024 ഫെബ്രുവരി 13 ന് ആരംഭിച്ച പദ്ധതി രാജ്യത്തുടനീളമുള്ള വീടുകളിൽ ശുദ്ധവും പുനരുപയോഗിക്കാവുന്നതുമായ ഊർജ്ജം ലഭ്യമാക്കി ഇന്ത്യയുടെ സുസ്ഥിരമായ ഭാവിയിലേക്കുള്ള പ്രയാണത്തിന് മികച്ച സംഭാവന നൽകുന്നു. 40 ശതമാനം വരെ സബ്സിഡിയോടെ പുനരുപയോഗ ഊർജ്ജ ഉത്പാദനം മെച്ചപ്പെടുത്താൻ പദ്ധതി സഹായകമായിട്ടുണ്ട്. ഇതുവരെ, 5.54 ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്ക് ഏകദേശം 4,300 കോടി രൂപ കേന്ദ്ര സാമ്പത്തിക സഹായമായി വിതരണം ചെയ്തു. ഓരോ കുടുംബത്തിനും ശരാശരി 77,000 രൂപയിൽ കൂടുതൽ സബ്സിഡിയായി ലഭിച്ചു. 2027 മാർച്ചോടെ ഒരു കോടി വീടുകളിൽ സൗരോർജ്ജം എത്തിച്ചു ഇന്ത്യയുടെ ഊർജ്ജ ഭൂമികയെ പുനർനിർമ്മിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ന്യൂസ് ഡെസ്ക് ആകാശവാണി…

==================================================

**RESERVE BANK**

രാജ്യമാകെയുള്ള വിലക്കയറ്റത്തോത് ജനുവരിയിൽ അഞ്ച് മാസത്തെ കുറഞ്ഞ നിരക്കായ 4.3 ശതമാനത്തിലെത്തി. ഡിസംബറിൽ ഇത് 5.22 ശതമാനമായിരുന്നു. വിലക്കയറ്റം നാല് ശതമാനത്തിലേക്ക് എത്തിക്കുകയാണ് റിസർവ് ബാങ്കിൻറെ ലക്ഷ്യം. കേരളത്തിലെ വിലക്കയറ്റത്തോത് 6.76 ശതമാനമാണ്.

==================================================

**STATE CABINET**

മലബാർ കാൻസർ സെൻററിൽ ദിവസ വേതന-കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് 36 തസ്തികകൾ സൃഷ്ടിക്കാൻ ഇന്നലെ ചേർന്ന സംസ്ഥാന മന്ത്രിസഭായോഗത്തിൽ തീരുമാനം. മൈനിങ്ങ് ആൻറ് ജിയോളജി വകുപ്പിൽ ഡ്രോൺ-ലിഡാർ സർവ്വേ നടപ്പാക്കുന്നതിന് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്താനും തീരുമാനമായി.

തൃശൂർ-പാലക്കാട് ദേശീയപാതയിൽ കാർ ഇടിച്ചു മരണമടഞ്ഞ പത്താംക്ലാസ്സ് വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2 ലക്ഷ രൂപ വീതം അനുവദിക്കും.

==============================================

## ASSEMBLY

2025-26 ലെ സംസ്ഥാന ബജറ്റിന്മേലുള്ള പൊതു ചർച്ച കേരള നിയമസഭയിൽ പൂർത്തിയായി. സംസ്ഥാനത്ത് സമഗ്ര വികസനം കൊണ്ടുവരാനാണ് ബജറ്റ് ലക്ഷ്യമിടുന്നതെന്ന് ചർച്ചയ്ക്ക് മറുപടി നൽകിയ ധനമന്ത്രി കെ.എൻ ബാലഗോപാൽ പറഞ്ഞു. പരിമിതികൾക്ക് ഇടയിലും ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കാനാണ് സംസ്ഥാന സർക്കാരിൻറെ ശ്രമമെന്നും ധനമന്ത്രി വ്യക്തമാക്കി.

==============================================

## A K SASEENDRAN

വന്യജീവി ആക്രമണം നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി വയനാടിന് 50 ലക്ഷം രൂപ അനുവദിച്ചതായി വനം മന്ത്രി എ കെ ശശീന്ദ്രൻ. വനാതിർത്തി പ്രദേശങ്ങളിലെ അടിക്കാട് വെട്ടിമാറ്റാനും വന്യജീവി സംഘർഷം കുറയ്ക്കാനുള്ള പ്രവർത്തികൾക്കും പണം വിനിയോഗിക്കും.

==============================================

## K SUDHAKARAN

വന്യജീവി ആക്രമണത്തിൽ പ്രതിഷേധിച്ച് യു.ഡി.എഫ് ജില്ലാ കമ്മിറ്റി ആഹ്വാനം ചെയ്ത ഹർത്താൽ ആരംഭിച്ചു. വൈകിട്ട് ആറ് വരെയാണ് ഹർത്താൽ. കാട്ടാന ആക്രമണത്തിൽ മൂന്ന് ദിവസത്തിനിടെ നാല് പേർ കൊല്ലപ്പെട്ട ഗുരുതരമായ സാഹചര്യത്തിൽ വനംമന്ത്രി രാജി

വയ്ക്കുകയോ, മുഖ്യമന്ത്രി അദ്ദേഹത്തെ പുറത്താക്കുകയോ വേണമെന്ന് കെ.പി.സി.സി അധ്യക്ഷൻ കെ സുധാകരൻ ആവശ്യപ്പെട്ടു.

======================================

**WORLD RADIO DAY – (INTRO)**

ഇന്ന് ലോക റേഡിയോ ദിനം. റേഡിയോയുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും റേഡിയോയിലൂടെ അറിവ് സമ്പാദിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമാണ് എല്ലാ വർഷവും ഫെബ്രുവരി 13 ലോക റേഡിയോ ദിനമായി ആചരിക്കുന്നത്. റേഡിയോയും കാലാവസ്ഥാ വ്യതിയാനവും എന്നതാണ് ഈ വർഷത്തെ പ്രമേയം. യുണെസ്കോ ഡയറക്ടർ ജനറൽ, പ്രസാർഭാരതി ചെയർമാൻ, സി.ഇ.ഒ, ആകാശവാണി ഡയറക്ടർ ജനറൽ ഉൾപ്പെടെയുള്ളവർ ലോക റേഡിയോ ദിന ആശംസകൾ നേർന്നു. കഴിഞ്ഞ ഒൻപത് ദശാബ്ദമായി അറിവ്, വിദ്യാഭ്യാസം, വിനോദം എന്നിവ പ്രദാനം ചെയ്യുന്നതായി ആകാശവാണി ഡയറക്ടർ ജനറൽ പ്രഗ്യാ പാലിവാൾ ഗോഡ് പറഞ്ഞു.

**(HOLD FOR BYTE............)**

ദിനാചരണത്തിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം റിക്രിയേഷൻ ക്ലബ് പൂജപ്പുര ശ്രീചിത്തിര തിരുനാൾ ഓഡിറ്റോറിയത്തിൽ ശ്രോതാക്കളുടെ സംഗമം ഉച്ചയ്ക്ക് 1.30 ന് സംഘടിപ്പിക്കുന്നു.

======================================

## CRICKET+ RENJI TROPHY

അഹമ്മദാബാദ് ഏകദിനത്തിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയ്ക്ക് 142 റൺസിൻറെ ജയം. ഇതോടെ പരമ്പര ഇന്ത്യ 3-0 ന് സ്വന്തമാക്കി.

357 റൺ വിജയലക്ഷ്യം പിന്തുടർന്ന ഇംഗ്ലണ്ട് 34.2 ഓവറിൽ 214 റൺസെടുക്കുന്നതിനിടെ എല്ലാവരും പുറത്തായി.

രഞ്ജി ട്രോഫിയിൽ കേരളം സെമിയിൽ കടന്നു. ക്വാർട്ടർ ഫൈനലിൽ ജമ്മു കാശ്മീരിനെതിരെ സമനില നേടിയാണ് കേരളത്തിൻറെ സെമി പ്രവേശം.

=================================================

=================================================

=================================================

=================================================

=================================================